LIBRARY ARCHIVES Kerala Legislative Assembly

കൊപ്രസംഭരണത്തിലെ ക്രമക്കേടുകൾ

78 [1210] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് മാർക്കറ്റിംഗ് ഫെഡറേഷനും ഏതാനും സഹകരണ സംഘങ്ങളും ചേർന്ന് കൊപ്രസംഭരണവുമായി ബന്ധപ്പെട്ട് നടത്തിയ ക്രമക്കേടുകൾ സംബന്ധിച്ച സി.ബി.ഐ. അന്വേഷണ സംഘത്തിന്റെ റിപ്പോർട്ട് ബഹു. ഹൈക്കോടതി മുൻപാകെ സമർപ്പിച്ചിട്ടുള്ളതായി കൃഷിവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊപ്രസംഭരണത്തിൽ ക്രമക്കേട് കാണിച്ച ഏതെല്ലാം സംഘങ്ങൾക്കും ഉദ്യോഗസ്ഥൻമാർക്കും എതിരായിട്ടാണ് സി.ബി.ഐ. കേസ് ഫയൽ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സി.ബി.ഐ. അന്വേഷണ റിപ്പോർട്ട് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചതായി മാധ്യമങ്ങളിൽ വന്ന വാർത്ത കണ്ടു. കൃഷിവകുപ്പിൽ വിവരം ഇല്ല.

(ബി) റിപ്പോർട്ട് സർക്കാരിന് ലഭിക്കാത്തതിനാൽ വിശദാംശം ലഭ്യമല്ല.

പുനലൂർ അഗ്രോ ഫ്രൂട്ട് പ്രൊഡക്ട്സ്

79 [1211] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ ഫ്രൂട്ട് പ്രൊഡക്ട്സ് ഇപ്പോൾ ഉൽപ്പാദനം നടത്തുന്നുണ്ടോ;

(ബി) ഈ ഫാക്ടറിയുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ; ഇവിടുത്തെ ജീവനക്കാർക്ക് എത്ര ദിവസത്തെ ശമ്പളം നൽകാനുണ്ട്;

(സി) ഈ ഫാക്ടറി പുനരുദ്ധരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ജീവനക്കാരുടെ ശമ്പള കുടിശ്ശിക എന്നത്തേയ്ക്ക് നൽകാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജീവനക്കാരുടെ സമരം മൂലം കേരള അഗ്രോ ഫ്രൂട്ട് പ്രൊഡക്ട്സിൽ ഇപ്പോൾ ഉൽപ്പാദനം നടക്കുന്നില്ല. പ്രവർത്തന മൂലധനം ഇല്ലാത്തതിനാൽ ഉൽപ്പാദനം തുടർന്നു നടത്താനും കഴിയുന്നില്ല.